# Malayala Manorama

## 27 August 2018

## Thiruvananthapuram, Flood, Rescue Operation, Historic Mission, Army Officers



**സ്നേഹം, ആദരം:** കേരളത്തിലെ പ്രളയമേഖലകളിൽ രക്ഷാദൗത്യത്തിൽ പങ്കാളികളായ സേനാ വിഭാഗങ്ങൾക്കു സർക്കാർ നൽകിയ സ്വീകരണച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചീഫ് സെക്രട്ടറി ടോം ജോസ്, ദക്ഷിണ വ്യോമസേനാ മേധാവി എയർ മാർഷൽ ബി.സുരേഷ്, റിയൽ അഡ്മിറൽ ആർ.ജെ.നട്കർണി എന്നിവർക്കൊപ്പം. ചിത്രം: മനോരമ

# നിറവേറ്റിയതു ചരിത്രദൗത്യം: സേനാ അധികാരികൾ

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● രക്ഷാപ്രവർത്തനം പൂർത്തിയാക്കി, ഇനി പുനരധിവാസത്തിനു പ്രാധാന്യമെന്നു സൈനിക വിഭാഗങ്ങൾ. പുനരധിവാസവുമായി ബന്ധപ്പെട്ടു വലിയ വെല്ലുവിളിയാണു സർക്കാരിനു മുൻപിലുള്ളതെന്ന് ദക്ഷിണ വ്യോമസേനാ മേധാവി എയർ മാർഷൽ ബി.സുരേഷ് പറഞ്ഞു. പ്രധാനമന്ത്രിയുടെ അവലോകന യോഗത്തിൽ സംസ്ഥാനത്തിന് എല്ലാ പിന്തുണയും നൽകണമെന്നു കൃത്യമായ നിർദേശം നൽകിയിരുന്നതായും അദ്ദേഹം പറഞ്ഞു.

രക്ഷാദൗത്യം മുഖ്യമന്ത്രി പിണറായി വിജയൻ മുന്നിൽ നിന്നു നയിക്കുകയായിരുന്നു. ഓരോ ജില്ലാ ആസ്ഥാനത്തും വ്യോമസേനയുടെ ലെയ്സൺ ഓഫിസർമാരെ നിയോഗിച്ചതിനാൽ ജില്ലകളിലെ ഏകോപനവും ഫലപ്രദമായി. കലക്ടർമാരുടെയും എസ്പിമാരുടെയും പക്കൽനിന്നുള്ള വിവരങ്ങളനുസരിച്ചു കാര്യക്ഷമമായി പ്രവർത്തിക്കാനായി. വ്യോമസേനയുടെ മെഡിക്കൽ വിഭാഗങ്ങളുടെ സേവനം പ്രളയബാധിത പ്രദേശങ്ങളിൽ തുടരുമെന്നും അദ്ദേഹം അറിയിച്ചു. 1,200 ടൺ അവശ്യവസ്തുക്കളാണ് കുറഞ്ഞ സമയത്തിനുള്ളിൽ എയർലിഫ്റ്റ് ചെയ്തത്. ഇത് ഇന്ത്യയിൽ ആദ്യമാണ്. 3521 പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റാൻ കഴിഞ്ഞതായി തീരസംരക്ഷണസേനാ കമൻഡാന്റ് വി.കെ.വർഗീസ് പറഞ്ഞു. 8.6 ടൺ അവശ്യവസ്തുക്കൾ എയർലിഫ്റ്റ് ചെയ്യുകയും 158 ടൺ കപ്പൽ വഴി എത്തിക്കുകയും ചെയ്തു. ചരിത്രദൗത്യമാണു സേന നിറവേറ്റിയത്.

കരസേനയുടെ 70 സംഘങ്ങളാണ് പ്രളയമുഖത്തു രക്ഷയ്ക്കെത്തിയത്. 26 താൽക്കാലിക പാലങ്ങൾ നിർമിക്കുകയും തടസ്സപ്പെട്ട 50 റോഡുകൾ ഗതാഗതയോഗ്യമാക്കുകയും ചെയ്തതായി പാങ്ങോട് മിലിറ്ററി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ സി.ജി.അരുൺ പറഞ്ഞു.

## കേരളത്തിലേത് ഏറ്റവും വലിയ രക്ഷാദൗത്യം: എൻഡിആർഎഫ്

ന്യൂഡൽഹി ● ഒരു സംസ്ഥാനത്തു മാത്രമായി നടന്ന ഏറ്റവും വലിയ രക്ഷാപ്രവർത്തനങ്ങളിലൊന്നായിരുന്നു കേരളത്തിൽ നടത്തിയതെന്നു ദേശീയ ദുരന്ത നിവാരണ പ്രതികരണ സേന (എൻഡിആർഎഫ്).

58 സംഘങ്ങളും 207 ബോട്ടുകളുമായാണ് എൻഡിആർഎഫ് രക്ഷാദൗത്യത്തിന് ഇറങ്ങിയത്. ഏതൊരു സംസ്ഥാനത്തു നടന്നതിനെക്കാളും വലിയ ഇടപെടലായിരുന്നു ഇത്. കൺട്രോൾ റൂമുകളും രക്ഷാദൗത്യത്തിന് ഇറങ്ങിയവരും ഫലപ്രദമായി ഇടപെട്ടു. അപ്രതീക്ഷിത ജലനിരപ്പു പലയിടത്തും തടസ്സമായിരുന്നു.

റോഡ് തകർന്നതു മൂലമുണ്ടായ പ്രശ്നങ്ങളെയെല്ലാം മറികടന്നാണ് ദൗത്യം പൂർത്തിയാക്കിയതെന്നും എൻഡിആർഎഫ് ഡയറക്ടർ ജനറൽ സഞ്ജയ് കുമാർ പറഞ്ഞു.

ദുരന്തമുഖത്തെ രക്ഷാനടപടികളിലെ അടിസ്ഥാനകാര്യങ്ങൾ സ്കൂൾ പാഠാവലിയുടെ ഭാഗമാക്കണമെന്ന നിർദേശവും എൻഡിആർഫ് മുന്നോട്ടുവച്ചു. പ്രകൃതി ദുരന്തങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ഉണ്ടാവണം. വിദ്യാർഥികൾക്കു പരിശീലനമടക്കം നൽകുന്ന വിധം കരിക്കുലം രൂപപ്പെടുത്തണം. സ്കൂൾ കുട്ടികൾ, എൻസിസി കെഡറ്റുകൾ, വിമുക്ത ഭടന്മാർ തുടങ്ങിയവർക്കെല്ലാം നിർണായകമായി ഇടപെടാൻ കഴിയും. രാജ്യത്ത് 67 ലക്ഷം ആളുകൾക്ക് പലഘട്ടത്തിലായി എൻഡിആർഎഫ് തന്നെ പരിശീലനം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.